REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-01-2026 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്നും നാളെയും തമിഴ്നാട്ടിൽ സന്ദർശനം നടത്തും.**
- **രാജ്യത്തെ ആദ്യ ബുള്ളറ്റ് ട്രെയിൻ 2027 ഓഗസ്റ്റ് 15-ന് പ്രവർത്തന ക്ഷമമാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**
- **രാജ്യത്തെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള LPG സിലിണ്ടറുകളുടെ വിലയിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് പെട്രോളിയം മന്ത്രാലയം.**
- **13-ാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട് തുടക്കമാകും.**
- **വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.**
- **വയനാട് പൂപ്പൊലി അന്താരാഷ്ട്ര പുഷ്പമേളയ്ക്ക് ഇന്ന് തുടക്കം.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്നും നാളെയും തമിഴ്നാട്ടിൽ സന്ദർശനം നടത്തും. ചെന്നൈയിലും വെല്ലൂരിലും വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ഇന്ന് ചെന്നൈയിലെ ഡോ. MGR വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് രാം നാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും

അദ്ദേഹം പങ്കെടുക്കും. ചെന്നൈ ലോക് ഭവനിൽ, തമിഴ്നാട് ഗവൺമെന്റ് സംഘടിപ്പിക്കുന്ന പൗര സ്വീകരണത്തിലും അദ്ദേഹം സംബന്ധിക്കും. നാളെ ചെന്നൈയിൽ 9-ാം സിദ്ധ ദിനാഘോഷത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിൽ ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പവിത്രമായ പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യും. 1898-ൽ കണ്ടെത്തിയ പിപ്രാഹ്വ തിരുശേഷിപ്പുകൾക്ക് ബുദ്ധമത ചരിത്ര പഠനത്തിൽ അതീവ പ്രാധാന്യമുണ്ട്. ബുദ്ധനുമായി നേരിട്ട് ബന്ധമുള്ള ഏറ്റവും പുരാതനവും ചരിത്രപരമായി അമൂല്യവുമായ തിരുശേഷിപ്പുകളിൽ ഒന്നാണിത്.

പൊതുജനങ്ങൾക്ക് കൂടുതൽ അറിവ് നൽകാൻ ഇമ്മേഴ്സീവ് ഫിലിമുകൾ, ഡിജിറ്റൽ പുനർ നിർമ്മാണങ്ങൾ, മൾട്ടി മീഡിയ പ്രസന്റേഷനുകൾ തുടങ്ങിയ അത്യാധുനിക ദൃശ്യ-ശ്രാവ്യ സംവിധാനങ്ങളും പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രിയുടെ ഫ്ലാഗ്ഷിപ് പദ്ധതിയായ പ്രഗതിയുടെ 50-ാം യോഗം ന്യൂഡൽഹിയിൽ അവസാനിച്ചു. 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആരംഭിച്ച പ്രഗതി പദ്ധതി, പൊതുജന പരാതി പരിഹാരങ്ങളുടെയും നിർണായക പദ്ധതികളുടെയും യഥാസമയ നിരീക്ഷണവും പ്രധാനമന്ത്രിയുടെ അവലോകനവും ഉറപ്പുവരുത്തുക വഴി ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. പ്രഗതി പ്ലാറ്റ്ഫോം സഹകരണ ഫെഡെലറിസത്തിന് ഊന്നൽ നൽകി കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകളെയും കേന്ദ്ര മന്ത്രാലയങ്ങളെയും ഒരു പൊതു മണ്ഡലത്തിൽ കൊണ്ടു വരികയും ചെയ്തു.

കഴിഞ്ഞ പത്ത് വർഷത്തിനിടെ പ്രഗതി, നിരവധി പദ്ധതികളിലെ കാലതാമസം ഒഴിവാക്കുകയും തീരുമാന മെടുക്കുന്നതിലെ വേഗം വർധിപ്പിച്ച് ഉത്തരവാദിത്വ സംസ്കാരം വളർത്തി കൊണ്ടു വരികയും ചെയ്തു.

✪✪✪

രാജ്യത്തെ ആദ്യ ബുള്ളറ്റ് ട്രെയിൻ 2027 ഓഗസ്റ്റ് 15-ന് പ്രവർത്തന ക്ഷമമാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. അഹമ്മദാബാദിനും മുംബൈക്കും ഇടയിൽ, ബുള്ളറ്റ് ട്രെയിൻ പദ്ധതി, നിർമ്മാണത്തിലാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഈ മാസം സർവീസ് ആരംഭിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി ട്രെയിൻ സർവീസ് ഉദ്ഘാടനം ചെയ്യും.

✪✪✪

രാജ്യത്തെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള LPG സിലിണ്ടറുകളുടെ വിലയിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം വ്യക്തമാക്കി. സിലിണ്ടറുകളുടെ വില വർദ്ധിപ്പിച്ചതായി ചില മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളെ തുടർന്നാണ് വിശദീകരണം. 950 രൂപ വിലയുള്ള 14.2 കിലോ സിലിണ്ടർ ഡൽഹിയിലെ PMUY അല്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്ക് 850 രൂപ നിരക്കിലും പ്രധാനമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് 553 രൂപയിലും ലഭ്യമാണെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക വർഷമാണ് 2025. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച വർഷത്തെക്കുറിച്ച് ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പരയിൽ ഇന്ന്, സാങ്കേതിക മേഖലയിൽ ഇന്ത്യയുടെ പുരോഗതിയെക്കുറിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് ......

.....(വോയ്സ്)....

2025-ൽ ഇന്ത്യയിൽ ശാസ്ത്ര സാങ്കേതിക രംഗത്ത് നിർണായക വഴിത്തിരിവാണ് ഉണ്ടായത്. നിർമ്മിത ബുദ്ധി മേഖലയിൽ വലിയ പുരോഗതി കഴിഞ്ഞ വർഷമുണ്ടായി. AI മിഷന് കീഴിൽ മാനവിക കേന്ദ്രീകൃതമായ AI സംവിധാനം നിർമ്മിക്കുന്നതിന് ഗവൺമെന്റ് 10,000 കോടിയിലധികം രൂപ ചെലവിട്ടു. സ്റ്റാൻഫോർഡ് സർവകലാശാലയുടെ 2025 ലെ ആഗോള AI വൈബ്രൻസി റാങ്കിംഗിൽ ഇന്ത്യ മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു.

സെമി കണ്ടക്ടറുകളുടെ ഉത്പാദനത്തിലും 2025-ൽ രാജ്യം നിർണായക പുരോഗതി അടയാളപ്പെടുത്തി. കഴിഞ്ഞ വർഷം സെപ്തംബറിൽ സെമിക്കോൺ ഇന്ത്യ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് തദ്ദേശീയമായി വികസിപ്പിച്ച വിക്രം-32 ബിറ്റ്ചിപ്പ് സമ്മാനിച്ചു. ബഹിരാകാശ സാങ്കേതിക വിദ്യയിലും പോയ വർഷം സുപ്രധാന പുരോഗതി രേഖപ്പെടുത്തി. ലോകത്തിലെ ഏറ്റവും നൂതന റെഡാർ ഉപഗ്രഹമായ NISAR ന്റെ വിജയകരമായ വിക്ഷേപണം ഇന്ത്യ - US സഹകരണത്തെ അടയാളപ്പെടുത്തി.

സ്കൈറൂട്ട് എയറോസ്പെയ്സിന്റെ പുതിയ ഇൻഫിനിറ്റി ക്യമ്പസ് ഹൈദരാബാദിൽ കഴിഞ്ഞ മാസം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. 2025-ലെ അറ്റോമിക് എനർജി ബിൽ കഴിഞ്ഞ വർഷം കേന്ദ്രമന്ത്രിസഭ അംഗീകരിച്ചു.

✪✪✪

രാജ്യത്ത് ഡിസംബർ മാസത്തിലെ GST നികുതി വരുമാനത്തിൽ മുൻ വർഷത്തേക്കാൾ 6.1 ശതമാനം വർദ്ധന. ഒരു ലക്ഷത്തി 75,000 കോടി രൂപയ്ക്കടുത്താണ് കഴിഞ്ഞ മാസത്തെ GST വരുമാനം. 2024 ൽ ഇത് ഒരു ലക്ഷത്തി 64,000 കോടി രൂപയായിരുന്നു.

✪✪✪

മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൗമൻ സെൻ, കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസാകും. ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ ഈ മാസം 9 ന് വിരമിക്കുന്ന ഒഴിവിലാണ് സൗമൻ സെന്നിന്റെ നിയമനം.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും ഈ മാസം 12-നകം ചെലവ് കണക്ക് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നിശ്ചിത സമയത്തിനകം കണക്ക് സമർപ്പിക്കാത്തവരെ അംഗമായി തുടരുന്നതിനും, തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അയോഗ്യരാക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി. അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നേരിട്ടും കണക്ക് സമർപ്പിക്കാം.

✪✪✪

കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന 13-ാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട് ചാലിശ്ശേരിയിൽ തുടക്കമാകും. വൈകിട്ട് മുലയംപറമ്പ് മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത് ......

...........(വോയ്സ് )............

നിയമസഭാ സ്പീക്കർ എ എൻ ഷംസീർ മന്ത്രിമാരായ ക്. കൃഷ്ണൻ കുട്ടി, എം. ബി. രാജേഷ് എന്നിവർ പങ്കെടുക്കും. ഉത്ഘാടനത്തിന് മുന്നോടിയായി ഉച്ചയ്ക്ക് വിളംബര ഘോഷയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെ 28 സംസ്ഥാനങ്ങളിൽ നിന്നും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും ഉള്ള 250 പ്രദർശന വിപണന സ്റ്റാളുകളാണ് ഉണ്ടാവുക.

രുചിവൈവിധ്യം വിളമ്പുന്ന 30ലധികം സ്റ്റാളുകൾ അടങ്ങുന്ന മെഗാ ഇന്ത്യൻ ഫുഡ്കോർട്ടും ഒരുക്കിയിട്ടുണ്ട്. സംഗീത നൃത്തനിശകൾ ,കലാവിഷ്ക്കാരങ്ങൾ, ആദരസന്ധ്യകൾ, സെമിനാറുകൾ, പുഷ്പമേള, തുടങ്ങിയവയും ഉണ്ടാകും .ഈ മാസം 11 വരെയാണ് ദേശീയ സരസ്മേള നടക്കുക. ആദ്യമായാണ് ദേശീയ സരസ് മേളയ്ക്ക് തൃത്താല ആതിഥേയത്വം വഹിക്കുന്നത്.

✪✪✪

ഫെബ്രുവരി ഒന്ന് മുതൽ പ്രാബല്യത്തിൽ വരുന്ന എല്ലാ പുതിയ ഫാസ്ടാഗിലും കാർ, ജീപ്പ്, വാൻ വിഭാഗത്തിൽ  K.Y.V പ്രക്രിയ നിർത്തലാക്കുമെന്ന് ദേശീയ പാതാ അതോറിറ്റി അറിയിച്ചു. ഉപയോക്താക്കൾ നേരിടുന്ന അനാവശ്യ ബുദ്ധിമുട്ടുകൾ  ഒഴിവാക്കുന്നതിനാണ് നടപടി.

✪✪✪

വർണച്ചിറകുകൾ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഉദ്ഘാടനവും ഉജ്ജ്വല ബാല്യ പുരസ്കാര വിതരണവും തിരുവനന്തപുരം വിമൺസ് കോളജ് ഹാളിൽ രാവിലെ, മന്ത്രി വീണാ ജോർജ് നിർവ്വഹിക്കും. ഓരോ ജില്ലയിൽ നിന്നും നാല് കുട്ടികൾക്കാണ് ഉജ്ജ്വല ബാല്യം അവാർഡുകൾ നൽകുന്നത്. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും  അടങ്ങുന്നതാണ് അവാർഡ്.

കലക്ടറുടെ അധ്യക്ഷതയിൽ സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ജേതാക്കളെ തെരഞ്ഞെടുത്തത്. ഞായറാഴ്ച വരെയാണ് വർണച്ചിറകുകൾ ഫെസ്റ്റ്.

✪✪✪

മന്ത്രി G.R അനിൽ പൊതുജനങ്ങളുമായി നേരിട്ടു സംവദിക്കുന്ന പ്രതിമാസ ഫോൺ - ഇൻ പരിപാടി നാളെ ഉച്ചയ്ക്ക് 2  മുതൽ 3 വരെ നടത്തും. ഭക്ഷ്യ പൊതുവിതരണ ലീഗൽ മെട്രോളജി ഉപഭോക്തൃകാര്യ വകുപ്പുകളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും മന്ത്രിയെ നേരിട്ട് അറിയിക്കാം.

✪✪✪

വയനാട് പൂപ്പൊലി അന്താരാഷ്ട്ര പുഷ്പമേളയ്ക്ക് ഇന്ന് തുടക്കമാകും. കേരള കാർഷിക സർവ്വകലാശാലയും  കാർഷിക വികസന - കർഷകക്ഷേമ വകുപ്പും ചേർന്ന്  അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന പുഷ്പമേള, വൈകിട്ട് മന്ത്രി P പ്രസാദ് ഉദ്ഘാടനം ചെയ്യും. ജനുവരി 15 വരെയാണ് പൂപ്പൊലി. പൂപ്പൊലിയുടെ ഭാഗമായി സായാഹ്നങ്ങളിൽ ദീപാലങ്കാരങ്ങളും കലാപരിപാടികളും ഉണ്ടാവും.

✪✪✪

KSEB സമർപ്പിച്ച 2024-25 വർഷത്തെ ട്രൂയിംഗ് അപ് പെറ്റിഷനുമേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഈ മാസം 6 നു നിശ്ചയിച്ചിരുന്ന പബ്ലിക് ഹിയറിംഗ് അടുത്ത മാസം നാലിലേക്ക് മാറ്റിവെച്ചു. അന്ന് രാവിലെ തിരുവനന്തപുരത്തെ കമ്മീഷൻ കോർട്ട് ഹാളിലാണ് ഹിയറിംഗ് നടക്കുകയെന്ന് റെഗുലേറ്ററി കമ്മീഷൻ അറിയിച്ചു.

✪✪✪

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഈ മാസം നടപ്പാക്കുന്ന വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട കോഴിക്കോട് ജില്ലാതല ഏകോപന യോഗം കലക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്നു. ഈ മാസം 12 മുതൽ ജപ്പാൻ മസ്തിഷ്ക ജ്വരം ചെറുക്കാൻ ഒന്ന് മുതൽ 15 വയസ്സ് വരെ കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകും.

'പാടുകൾ നോക്കാം, ആരോഗ്യം കാക്കാം' എന്ന സന്ദേശത്തിൽ കുഷ്ഠരോഗ നിർമാർജന പ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരി ഏഴ് മുതൽ 22 വരെ 'അശ്വമേധം 7.0' എന്ന പേരിൽ കുഷ്ഠരോഗ നിർണയ, ഭവന സന്ദർശന പരിപാടി സംഘടിപ്പിക്കും.

ഈ മാസം ആറ്, വിര വിമുക്ത ദിനമായി ആചരിക്കും. ഒന്നു മുതൽ 19 വയസ്സ് വരെ കുട്ടികൾക്ക്, അന്ന് വിര ഗുളിക നൽകും.

✪✪✪

കേരളത്തിന്റെ തനത് കലാരൂപങ്ങളും സംഗീതവും ഒരു കുടക്കീഴിൽ കൊണ്ടു വരാൻ കലാഗ്രാമം സ്ഥാപിക്കണമെന്ന് ഗാന രചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി പറഞ്ഞു. ഗവൺമെൻറ് നടപ്പാക്കുന്ന സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം വികസന ക്ഷേമ പഠന പരിപാടിയുടെ വിവര ശേഖരണത്തിന് തിരുവണ്ണൂരിലെ 'കൈതപ്രം' വീട്ടിലെത്തിയ കർമസേന അംഗങ്ങളോടാണ് ഭാവി കേരളത്തിനായി ആശയം അദ്ദേഹം പങ്കുവെച്ചത്.

✪✪✪

പുതുവർഷത്തെ വരവേറ്റ് കൊല്ലം തങ്കശ്ശേരിയിൽ നടന്ന വിളംബരഘോഷയാത്ര പുതുവർഷസായാഹ്നത്തിൽ തീരമേഖലയുടെ ഉത്സവമായി. വ്യത്യസ്ത കലാരൂപങ്ങൾ അണിനിരന്ന ഘോഷയാത്ര കാണാൻ ജനങ്ങൾ തടിച്ചുകൂടി.

വൈവിധ്യമാർന്ന തീമുകളിലുള്ള കലാരൂപങ്ങളും, നൃത്തവും, വാദ്യമേളങ്ങളും പുതുവർഷവിളംബര ഘോഷ യാത്ര ഇക്കുറിയും ശ്രദ്ധേയമാക്കി. കോസ്റ്റൽ യങ്ങ് മെൻസ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് തങ്കശ്ശേരിയിൽ പുതുവർഷദിനത്തിൽ വിളംബര ഘോഷയാത്ര സംഘടിപ്പിച്ചത്.

✪✪✪

കോഴിക്കോട് പന്തീരാങ്കാവ് പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്ന നടപടിയ്ക്ക് തുടക്കമായി. കെട്ടിട നിർമാണത്തിന് ആറ് കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു എങ്കിലും, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ്

അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിരുന്നില്ല. നടപടി വിലയിരുത്താൻ കോഴിക്കോട് സിറ്റി പൊലീസ് ക്ലബ്ബിൽ ജന പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നു.

✪✪✪

*News Editor ; പി ചന്ദ്രബാബു*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: പ്രവീൺ*
*DEO : സി കെ സുബോധ്*